(ബി) വർഷങ്ങളായി ഒഴിവുകൾ നികത്താത്തതിനാൽ സ്ഥാപനം പ്രതിസന്ധിയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പ്രസ്തുത കേന്ദ്രത്തിൽ അത്യാവശ്യ തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് ദൈനംദിന പ്രവൃത്തികൾ നടത്തി വരുന്നു.

(ബി) 18-12-2010-ലെ സ.ഉ.(എം.എസ്.) നമ്പർ 399/10/ഉ.വി.വ. പ്രകാരം സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കെ.പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് ഉത്തരവിട്ടതിനാൽ ഇതിനുശേഷം കാർഷിക സർവ്വകലാശാലയിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്താൻ സാധിച്ചിട്ടില്ല. ഇപ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം നിയമനം നടത്തുന്നതിനാവശ്യമായ സ്റ്റാറ്റ്യൂട്ട് ഭേദഗതി സർവ്വകലാശാലയിൽ നടത്തിയിട്ടുണ്ട്. നിയമന ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചുകൊണ്ടുള്ള നിയമനിർമ്മാണം സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. അദ്ധ്യാപക തസ്തിക കളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

റബ്ബറിന്റെ വിലയിടിവ്

212 (1588) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഒരു കിലോ റബ്ബറിന്റെ വില എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഒരു കിലോ റബ്ബറിന്റെ വില എത്രയെന്ന് പറയാമോ;

(സി) റബ്ബറിന് വിലത്തകർച്ച ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ചെറുകിട റബ്ബർ കർഷകർക്ക് പലിശരഹിത കാർഷിക വായ്പ ലഭ്യമാക്കാൻ സർക്കാർ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 2011-12-ൽ RSS-4 ഗ്രേഡിലുള്ള സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര വിപണിവില കിലോയ്ക്ക് 208.05 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ (6-2-2015-ന് അവസാനിക്കുന്ന ആഴ്ചയിലെ കണക്കു പ്രകാരം) RSS-4 ഗ്രേഡിലുള്ള സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര വിപണിവില കിലോയ്ക്ക് 92.25 രൂപയാണ്.

(സി) റബ്ബറിന് ഉണ്ടായിരിക്കുന്ന വിലയിടവ് താഴെപ്പറയുന്ന കാരണങ്ങൾ മൂലമാണ്.

(i) അന്തരാഷ്ട്ര വിപണിയിൽ ബ്ലോക്ക് റബ്ബറിന്റെ വിലയിടിവ്

(ii) ചൈന, അമേരിക്ക, യൂറോപ്പ് എന്നീ രാജ്യങ്ങളിലെ സാമ്പത്തിക മാന്ദ്യംമൂലം സ്വാഭാവിക റബ്ബറിന്റെ ആവശ്യകതയിലുണ്ടായ കുറവ്

(iii) വളരെ കുറഞ്ഞ അളവിൽ മാത്രമേ ചൈന റബ്ബർ വാങ്ങുന്നുള്ളൂ

(iv) സ്വാഭാവിക റബ്ബറിന്റെ അന്താരാഷ്ട്ര വിപണിയിലുള്ള വർദ്ധനവ്

(v) തായിലന്റിൽ സംഭരണം നടപ്പിലാക്കിയതുമൂലം സ്റ്റോക്കിലുള്ള വർദ്ധനവ്

(vi) എണ്ണ വിലയിടുവുമൂലം കൃത്രിമ റബ്ബർ വിലയിലുണ്ടായ ഇടിവ്

(vii) 2015, 2016 വർഷങ്ങളിൽ സ്വാഭാവിക റബ്ബറിന്റെ അധിക ലഭ്യതയെ സംബന്ധിച്ചുള്ള സൂചനകൾ.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കൽപ്പറ്റ മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

213 (1589) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൃഷി വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും ആയതിന് വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly